# Aquilone

## Dijital Magazine

Little Kites

St.Joseph's

*Thalassery*

*Editor*

*Sathinraj p k*

*Editorial Board*

1. *Sathinraj P K*
2. *Nisthul Pradeep*
3. *Karthik K*
4. *Sreenath Shyamlal*
5. *Dhanush Moorkoth*
6. *Muhammed Ramshi Riyas p p*
7. *Parthiv Vimal Kumar*
8. *Mohammed Zaman Sharaf P*

*9.mohammed Sharike*

10. *Arjun K*
11. *Sharon Rajeevan*
12. *Salih Mahmood A C*
13. *Ananjay M*
14. *Muhammed Adinan M*
15. *Muhammed Thamam Mubaris*

# *ഉള്ളടക്കം*


1. *''പാഠം ഒന്ന്: ഭൂമി ഉരുണ്ടതല്ല''* **പ്രമോദ് പി.സെബാൻ**

**2.** ***ആധുനിക ഇന്ത്യയിൽ ഗാന്ധിജിയുടെ ആശയങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താം*** **സതിൻ രാജ്**

3 . ***ചുണ്ടിലെരിയുന്ന കഞ്ചാവ് ബീഡി*** **ഹർഷിക് ഉസ്മാൻ**

## ''പാഠം ഒന്ന്:

## ഭൂമി ഉരുണ്ടതല്ല

..............................

പ്രമോദ് പി.സെബാൻ

സമയമേഖല
പിടുത്തം കിട്ടാതെ
അക്ഷാംശത്തിനും
രേഖാംശത്തിനും
ഇടയിൽ കുടുങ്ങിയ
പഴയൊരു
ഒമ്പതാം ക്ലാസ്സുകാരൻ
മൂന്ന് ദിവസം
ചോരച്ച കൈവെള്ളയുമായി
ഭൂമി ഉരുണ്ടതെന്ന് കണ്ട് പിടിച്ചവന്റെ
തന്തയ്ക്ക് വിളിച്ചിരുന്നു.

ഒരൊറ്റ അടി കൊണ്ട്
ഒരു വിഷയത്തെ ആയുഷ്കാലം
അകറ്റി നിർത്തുന്നതെങ്ങനെയെന്ന്
ഇന്നവനറിയാം.

ഭൂലോകം ചുറ്റുന്ന
ഒരു പണിയുമില്ലാത്ത
കാറ്റുകൾ,
മഞ്ഞിന്റെ മേലെ
ചുമ്മാ കെട്ടുന്ന വീടുകൾ,
പണ്ടാരമടക്കാൻ
കുറേ ഗ്രഹപ്പിഴകളും...
അതിനപ്പുറം
ഒരു ചുക്കുമല്ലല്ലോ
ഭൂമി ശാസ്ത്രം!

ശാന്തസമുദ്രം
അത്രയ്ക്കങ്ങ് ശാന്തമല്ലെന്നും,
ഉഷ്ണ ജലപ്രവാഹങ്ങൾ
തേജസ്വനിപ്പുഴേൽ വരത്തില്ലെന്നും,
വാവുകൾക്ക്
നാട്ടിലെ പെണ്ണുങ്ങളുമായി
എന്തോ ഉണ്ടെന്നതും,
റിക്ടർ സ്കെയിലിൽ പതിയാത്ത
കുടുംബ കലഹങ്ങൾ
സീസ്മോഗ്രാഫിൽ തെളിയുമെന്നും,
ഒരു ഗ്രിഡ് റഫറൻസുമില്ലാത്ത ഒളിയിടങ്ങൾ
നാട്ടിലെമ്പാടുമുണ്ടെന്നും,
ജോണി മാഷ് പറഞ്ഞില്ല.

പറയാതെ പറയുന്നതാണ് കവിതയെന്ന്
പത്ത് സീ യിൽ നിന്നും
രാഗിണിടീച്ചർ പറയുന്നത്
ജോണിമാഷും കേട്ടിരിക്കണം.



### ആധുനിക ഇന്ത്യയിൽ
## ഗാന്ധിജിയുടെ
### ആശയങ്ങൾ  എങ്ങനെ പ്രയോജനപ്പെടുത്താം

സ്വതന്ത്രഇന്ത്യയുടെ എഴുപതു വർഷത്തെ ചരിത്രം അതിൽ ഏറ്റവും മുഴച്ചുനിൽക്കുന്നത് ഒരാളുടെ അഭാവമോ അസാനിധ്യ മോ ആണ്. നമ്മുടെ രാഷ്ട്രപിതാവ് മഹാത്മഗാന്ധിയുടെ ആധുനിക ഇന്ത്യയിൽ മഹാത്മഗാന്ധിയുടെ ആശയങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നതാണ്.

ഇന്ന് ഈ സത്യാനന്തര കാലഘട്ടത്തിൽ ഇന്ത്യയുടെ ആ പഴയ ആത്മാവ് എത്രത്തോളം അതിജീവിച്ചുവെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.അഹിംസ,സത്യം എന്നീ രണ്ട് തത്ത്വങ്ങൾ ഗാന്ധിജിയെ ആഴത്തിൽ സ്വാധീനിച്ചിരിക്കുന്നു.ഇന്ത്യക്കായി ഈ രണ്ട് തത്ത്വങ്ങളും ഉപയോഗിക്കുമ്പോൾ അവയ്ക്ക് വളരെ ആഴത്തിലുള്ള അർഥതലങ്ങളിൽ വന്നുചേരുന്നു.എന്നാൽ,ഗാന്ധിജിയുടെ വിജയം ലോകത്തേതന്നേ മാറ്റിമറിച്ചുവെന്ന വാചകങ്ങളുമായി 1982 ൽ ഓസ്കാർ പുരസ്കാരങ്ങൾ വാരിക്കൂട്ടിയ ഗിച്ചാർഡ് അറ്റൻ ബോറോയുടെ ഗാന്ധി എന്ന സിനിമ പുറത്തിറങ്ങിയപ്പോഴാണ് ഇന്ത്യയുടെ പുറത്തെ ഗാന്ധിജിയുടെ പ്രഭാവത്തെകുറിച്ച് നാം ബോധവാനാകുന്നത് അന്നുവരെ ആ സത്യം ഇന്ത്യക്കാരിൽ നിന്ന് വളരെയകലെയായിരുന്നു.

കോളനിഭരണത്തെ അഹിംസയിലൂടെ നേരിട്ട് സ്വാതന്ത്ര്യ ം നേടിയെടുക്കാനായ ലോകത്തെ ആദ്യത്തെ നേതാവായിരുന്നു മഹാത്മജി. അതേസമയം സ്വയംപുരോഗതിയുടെ കാര്യ ത്തിലായാലും സാമൂഹികമാറ്റങ്ങളുടെ കാര്യ ത്തിലായാലും ആദർശങ്ങളിൽ നിന്നും വ്യ തിചലിക്കാതെ മുന്നോട്ടുനീങ്ങിയ തത്ത്വജ്ഞാനിയും കൂടിയായിരുന്നു അദ്ദേഹം.

അതുകൊണ്ടാവാം ഗാന്ധിജി അദ്ദേഹത്തിന്റെ ആത്മകഥയ്ക്ക് "എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ" എന്നപേരുനൽകിയത്

സത്യം എന്ന വാക്കിന് ഗാന്ധിജി നൽകിയ അത്ര നിർവ്വചനം നൽകാൻ ഒരു നിഘണ്ടുവിനുമാകില്ല . ഗാന്ധിജിയുടെ സത്യങ്ങൾ രൂപപെപ്പട്ടത് അദ്ദേഹത്തിന്റെ ദൃഢ വിശ്വാസങ്ങളിലും അനുഭവങ്ങളിലും നിന്നായിരുന്നു . സത്യാഗ്രഹത്തിനുവേണ്ടത് സഹനമല്ല ഉത്സാഹമാണെന്നാണ് ഗാന്ധജി തിരിച്ചുവാദിച്ചത്

അഹിംസയേക്കാളേറെ മഹത്തരമാണ് സംഘടിതമായ കുറ്റകൃത്യങ്ങളിലൂടെ അധികാരത്തിൽ തുടരുന്നത് കരുതുന്നതാണ് ഇന്നതാണ് ഇന്നത്തെ ദുഖഃസത്യം . സന്മാർഗ ബോധമില്ലാതെയുള്ള ഗാന്ധിസം അടിസ്ഥാനവർഗത്തെയുൾകൊള്ളത്ത മാർക്സിസത്തിന് തുല്യമാണ് .

ഗാന്ധാജി നമ്മെ പഠിപ്പിച്ചത് സത്യത്തിന്റെ പാതയാണ്. കൊളോണലിസത്തിന്റെ വിശ്വാസതയെ തകർക്കുന്ന അണികളുടെ അപര്യാപ്തതയാൽ തടഞ്ഞുനിൽക്കപ്പെടാത്ത നേതാവായിരുന്ന ഗാന്ധിജി .എങ്കിലും ഗാന്ധാജിയുടെ സത്യങ്ങൾ അദ്ദേഹത്തിനു മാത്രം അവകാശപ്പെട്ടതാണ്. ഇന്ന് കുറച്ചുപേർക്കെനെങ്കിലും ആ മനുഷ്യനെ ആധരിക്കണം.എന്നാൽ ഗാന്ധി സിനിമയുടെ പ്രചരണ വാക്യത്തിൽ പറഞ്ഞതു പോലെ ലോകത്തെ എന്നന്നേക്കുമായി മാററിമറിച്ചിട്ടില്ല.

ഇന്ന് നമ്മൾ ജിവിച്ചിരുന്ന സത്യാനന്തര കാലഘട്ടത്തിൽ ആധുനികത്വത്തിന്റെ വിമർശകനായിരുന്ന ഗാന്ധിജി ഇന്ത്യയ്ക്ക്തനതായൊരു രാഷ്ട്രീയ പ്രയോഗ പദ്ധതി രൂപീകരിച്ചു. മതാന്ധതയും വികസനഭ്രാന്തും അജ്ഞതയും വൈരവും അമിത ഉപഭോഗവും പ്രകൃതിചൂഷണവുംഅസമത്വും നിറഞ്ഞ ഇന്നത്തെ ലോകത്തിനുള്ള ഔഷധം നിർദ്ദേശിക്കുന്ന മഹാനാക്കി ഗാന്ധിജിയെ മാറ്റുന്നു.

പ്രകൃതിയെമറക്കുന്ന അന്ധമായ പുരോഗതിവാദത്തിലും ആധുനികത്വത്തിന്റെ വിമർശകനായിരുന്ന ഗാന്ധിജി ഇന്ത്യയ്ക്ക്തനതായൊരു രാഷ്ട്രീയപ്രയോഗ പദ്ധതി രൂപീകരിച്ചു. മതാന്ധതയും വികസനഭ്രാന്തും അജ്ഞതയും വൈരവും അമിത ഉപഭോഗവും പ്രകൃതിചൂഷണവുംഅസമത്വും നിറഞ്ഞ ഇന്നത്തെ ലോകത്തിനുള്ള ഔഷധം

നിർദ്ദേശിക്കുന്ന മഹാനാക്കി ഗാന്ധിജിയെ മാറ്റുന്നു.മലയാള സാഹിത്യലോകത്തെ പ്രശസ്ഥകവി വള്ളത്തോൾ രചിച്ച എന്റെഗുരുനാഥൻ എന്ന കവിതയിലെ അവസാനവരികൾ എന്നും എല്ലവരുടെയും പ്രാർതനയായും മാറട്ടെ ആധുനിക ഇന്ത്യക്ക് മഹാത്മാഗാന്ധിയുടെ ആശയങ്ങൾ നൽകിയ സംഭാവനകൾ വളരെ വലുതാണ്ഓരോ ഇന്ത്യകാരനും ഗാന്ധിപാതയിലൂടെ സഞ്ചരിക്കട്ടെ എന്ന്പ്രത്യാശിക്കുന്നു.

“നമസ്തേ ഗതതർഷ !നമസ്തേ ദുരാധർഷ !
നമസ്തേ സമൂഹാത്മൻ ! നമസ്തേജഗദ്ഗുരോ !"

*സതിൻ രാജ്*

## ചുണ്ടിലെരിയുന്ന കഞ്ചാവു ബീഡി

ചുണ്ടിലെരിയുന്ന കഞ്ചാവു ബീഡി
ഇടവഴിയിലുയരുന്ന പുക ചുരുളുകൾ
തിളക്കുന്ന യൗവ്വനം ലഹരി തേടിയ-
ലയുന്നു, യൗവ്വനത്തിലെപ്പോഴോ
വഴുതി വീണവൻ ലഹരിച്ചുഴിയിൽ

വലിക്കാൻ കൈവണ്ടിയില്ല
അതിനാൽ അവൻ വലിച്ചു തുടങ്ങി കഞ്ചാവുബീഡി
മാധുര്യമേറും അമ്മിഞ്ഞപ്പാൽ നുണഞ്ഞ-
ചുണ്ടുകളിൽ ലഹരിയുടെ പുക തട്ടി കാറുകറാ കറുത്തിരിക്കുന്നു

അല്ലലറിയാതെ വളർത്തി വലുതാക്കിയ പൈതൽ
നൽകി അവന് ആംഗലേയ വിദ്യാഭ്യാസ-
ത്തിൻ തണൽ
തമ്മിലുള്ള അന്തരം
പഠിച്ചു വളർന്നവൻ
അമ്മതൻ മടിത്തട്ടിൽ കിടന്നുറങ്ങിയവനിന്ന്
വഴിവക്കിലെവിടെയോ കിടന്ന് സായൂജ്യമടയുന്നു
അമ്മ അമ്മൂമ്മയിൽ നിന്ന് കൈനീട്ടം വാങ്ങിയവർ
കാലിയായ പോക്കറ്റുമായി കലപില കൂട്ടുന്നു


കട്ടക്കിട്ട് വട്ടമിരുന്ന് പുകച്ചവരു -
മിന്നെവിടെ
ലഹരിയെ പ്രകീർത്തിച്ചവരും
നൽകിയവരും ഇന്ന് എവിടെ ?
അവന് ബാക്കിയായത്
ലഹരിയുടെ അടിയേറ്റു മെലിഞ്ഞു -
ണങ്ങിയ ഭാര്യയും
ഇരുട്ടിന്റെ മറവിൽ മെനഞ്ഞെ-
ടുത്ത ഭാഗ്യഹീനരാം മക്കളും

ആരോ അവനെ പിറകിൽ നിന്ന്
തട്ടി വിളിച്ചു
അവൻ ഓടി ചെന്ന് പിന്നാമ്പുറത്തെ
വാതിൽ തുറന്ന് നോക്കി
അവൻ കണ്ടത് വെറും ശൂന്യത
അർഥം ശൂന്യത

harshik usman
XE












XA







